കേരളകൗമുദി

29 June 2023



# സി.എം.എഫ്.ആർ.ഐ സന്ദർശിച്ചു

കൊച്ചി: കൃഷി മൃഗസംരക്ഷണ ഭക്ഷ്യ സംസ്കരണ പാർലിമെന്റ് സ്ഥിരം സമിതി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) സന്ദർശിച്ചു. കർണാടകയിലെ ബാഗൽകോട്ടിൽ നിന്നുള്ള ലോക്‌സഭാംഗം പി.സി. ഗദ്ദിഗൗഡർ അദ്ധ്യക്ഷനായ സമിതി സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ.എ. ഗോപാലകൃഷ്ണനുമായും വകുപ്പ് മേധാവികളുമായും ചർച്ച നടത്തി. ആറ് എം.പിമാരാണ് സംഘത്തിലുണ്ടായിരുന്നത്. വിവിധ ഗവേഷണ പ്രവർത്തനങ്ങൾ സമിതിക്ക് മുമ്പിൽ അവതരിപ്പിച്ചു. സമുദ്രമത്സ്യമേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, കൂടുമത്സ്യകൃഷി, കടൽപായൽകൃഷി, സമുദ്രജൈവവൈവിധ്യം, ന്യൂട്രാസ്യൂട്ടിക്കൽ ഉത്പാദനം, സാമൂഹിക സാമ്പത്തിക സ്ഥിതി തുടങ്ങിയവ സമിതി വിലയിരുത്തി.